**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2558** **21-01-2021 - ൽ മറുപടിയ്ക്ക്**

**കോപ്-മാർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | **Shri. Kadakampally Surendran** (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എഴുപത്തിരണ്ട് സഹകരണസംഘങ്ങൾ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ മികച്ചതാണെങ്കിലും വിപണനശൃംഖല ശക്തമല്ലാത്തതിനാൽ അവ വിതരണം ചെയ്യാൻ സാധിക്കാത്ത സാഹചര്യം ഉണ്ടോ; അറിയിക്കുമോ; | (എ) | ഉണ്ട്; ഈ സാഹചര്യത്തിലാണ് കേരളത്തിലെ സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിനു കീഴിൽ കൊണ്ടുവന്ന് വിപണിയിൽ സജീവമാക്കുക ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ന്യായ വിലയ്ക്ക് ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വിഭാവനം ചെയ്ത " ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിയ്ക്ക് സഹകരണ വകുപ്പ് രൂപം നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി കേരളത്തിലെ പ്രധാന സ്ഥലങ്ങളിൽ കോപ്-മാർട്ട് ഔട്ട് ലെറ്റുകൾ സ്ഥാപിക്കുവാൻ പദ്ധതിയായിട്ടുള്ളതും, നടപടി സ്വീകരിച്ചു വരുന്നതുമാണ്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ കോപ്-മാർട്ടുകൾ ആരംഭിച്ച് പ്രവർത്തന ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത വിപണനത്തിനായി കോപ്-മാർട്ട് എന്ന പേരിൽ സഹകരണ വിപണനശൃംഖല സംസ്ഥാനമാകെ വ്യാപിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്; ഈ സാഹചര്യത്തിലാണ് കേരളത്തിലെ സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിനു കീഴിൽ കൊണ്ടുവന്ന് വിപണിയിൽ സജീവമാക്കുക ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ന്യായ വിലയ്ക്ക് ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വിഭാവനം ചെയ്ത " ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിയ്ക്ക് സഹകരണ വകുപ്പ് രൂപം നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി കേരളത്തിലെ പ്രധാന സ്ഥലങ്ങളിൽ കോപ്-മാർട്ട് ഔട്ട് ലെറ്റുകൾ സ്ഥാപിക്കുവാൻ പദ്ധതിയായിട്ടുള്ളതും, നടപടി സ്വീകരിച്ചു വരുന്നതുമാണ്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ കോപ്-മാർട്ടുകൾ ആരംഭിച്ച് പ്രവർത്തന ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (സി) | കോപ്-മാർട്ട് വഴിയുള്ള ബ്രാന്റിംഗ് ജോലികൾ നടത്തുന്നതിനും ഇ-കൊമേഴ്സിനുമായി സഹകരണമേഖലയിലെ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾ; വ്യക്തമാക്കുമോ; | (സി) | വ്യക്തമാക്കാം. "ബ്രാന്റിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി സഹകരണ സംഘങ്ങളിൽ നിന്നും താൽപര്യ പത്രം ക്ഷണിക്കുകയും ഇപ്രകാരം യഥാവിധി താൽപര്യപത്രം സമർപ്പിച്ച സംഘങ്ങളുടെ താൽപര്യ പത്രവും അവർ നടത്തിയ പ്രസന്റേഷനും വിലയിരുത്തി അതിൽ നിന്നും അർഹരായ ചുവടെ പറയുന്ന നാല് സഹകരണ സംഘങ്ങളെ ടി പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി നിർദ്ദിഷ്ട സേവനങ്ങൾ നിർവഹിക്കപ്പെടുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. 1. സാമൂഹിക സംരംഭക സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 1354 (സമൂഹ്), എറണാകുളം. – മൊത്തത്തിലുള്ള കൺസൾട്ടിംഗ്. 2. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ 10957, കോഴിക്കോട് – ഐ.റ്റി. ഡെവലപ്പ്മെന്റ്. 3. നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സപ്ലൈ & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ്. 1003 (എൻ.എം.ഡി.സി), കോഴിക്കോട് – ലോജിസ്റ്റിക്സ്. 4. റീജിയണൽ ആഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ് നമ്പർ സി. 361 (റെയ്ഡ്കോ), കണ്ണൂർ - ലോജിസ്റ്റിക്സ്. |
| (ഡി) | സഹകരണമേഖലയിലെ സ്ഥാപനങ്ങളെ ഏല്പിക്കുവാൻ തീരുമാനിച്ച ബ്രാന്റിംഗ് ജോലികളും ഇ-കൊമേഴ്സ് വിപണി ഒരുക്കലും പദ്ധതിയുടെ ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകുന്നതിന് എന്തെങ്കിലും ചർച്ചയോ തീരുമാനമോ എടുത്തിട്ടുണ്ടോ; | (ഡി) | താത്പര്യപത്രം ക്ഷണിച്ചതിന്റേയും പ്രസന്റേഷന്റേയും അടിസ്ഥാനത്തിൽ ടി പദ്ധതിക്കാവശ്യമായ ഐ.റ്റി. ഡെവലെപ്പ്മെന്റ് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തോട് നിർദ്ദേശിച്ചിട്ടുണ്ട്; പ്രൊപ്പോസൽ വിലയിരുത്തിയതിന് ശേഷം മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ. |
| (ഇ) | സഹകരണ മേഖലയിൽ കഴിവ് തെളിയിച്ച സ്ഥാപനങ്ങളെ ഒഴിവാക്കി കൺസ്യൂമർ മാർക്കറ്റിംഗ് മേഖലയിൽ യാതൊരു പ്രാവീണ്യവുമില്ലാത്ത ഊരാളുങ്കലിനെ പദ്ധതിയുടെ ഭാഗമാക്കുന്നത് ഏത് സാഹചര്യത്തിലാണെന്ന് വിശദമാക്കുമോ? | (ഇ) | യഥാവിധി താല്പര്യപത്രം സമർപ്പിച്ച സംഘങ്ങളുടെ താല്പര്യപത്രവും അവർ നടത്തിയ പ്രസന്റേഷനും വിലയിരുത്തി അതിൽ നിന്നും അർഹരായ നാല് സഹകരണ സംഘങ്ങളെ പദ്ധതിയുടെ വിവിധ മേഖലകളുടെ പ്രവർത്തനം നിർവഹിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന്റെ തന്നെ യു.എൽ. ടെക്നോളജി സൊല്യൂഷൻസിലൂടെ നിരവധി ഐ.റ്റി.പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുള്ളതിന്റെ പ്രാവീണ്യം കണക്കിലെടുത്താണ് "ബ്രാന്റിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" |

| | | | |
|---|---|---|---|
| | | | എന്ന പദ്ധതിയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ക്റ്റ് സഹകരണ സംഘത്തെ ഐ.റ്റി ഡെവലപ്പ്മെന്റ് പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ